(ബി) ശ്രീ. രാജപ്പൻ ആചാരി കമ്മിഷനും, ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മിഷനും, ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിഷനും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

(സി) തുമ്പ വെടിവെയ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മിഷൻ റിപ്പോർട്ട് ആഭ്യന്തര വകുപ്പ് പരിശോധിക്കുകയും റിപ്പോർട്ട് അംഗീകരിച്ചു കൊണ്ടും, ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിക്കൊണ്ടും 6-7-2004-ലെ ജി.ഒ.(എം)എസ്.)234/04/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപടി രേഖ സഹിതം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി 8-12-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കുമരകം ബോട്ടപകടത്തെക്കുറിച്ചന്വേഷിച്ച ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മിഷൻ റിപ്പോർട്ട് ഗതാഗത വകുപ്പ് പരിശോധിക്കുകയും ശുപാർശകൾ നടപ്പിലാക്കുകയും നടപടി രേഖസഹിതം റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി 21-10-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കുപ്പണ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മിഷൻ 16-9-2004-ന് അന്തിമറിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നികുതി വകുപ്പ് പരിശോധിച്ചുവരികയാണ്.

(ഡി) ഉണ്ട്. ഇതിനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണകമ്മിഷനായി 23-12-2004-ലെ വിജ്ഞാപനപ്രകാരം നിയമിച്ചു. കമ്മിഷന്റെ അന്വേഷണവിഷയം, കാലാവധി എന്നിവ തീരുമാനിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. രജനിയുടെ മരണത്തെക്കുറിച്ച് ക്രൈം ബ്രാഞ്ച് എസ്. പി., വിൽസൺ കെ. ജോസഫ് അന്വേഷണം നടത്തിയിരുന്നു. ആത്മഹത്യയ്ക്ക് കാരണം സാമ്പത്തിക ബുദ്ധിമുട്ടായിരുന്നു എന്നാണ് റിപ്പോർട്ട്.

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ

10 [*T157] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

,, കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) കരാർ പുതുക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരും തമിഴ്നാട് സർക്കാരും സംയുക്തമായി 2001 മേയ് മുതൽ ഇതുവരെ എത്ര പ്രാവശ്യം മന്ത്രിതല ചർച്ചകൾ നടന്നു ; ഈ ചർച്ചകളിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള കരാറിൽ ഇല്ലാത്ത ഏതൊക്കെ വ്യവസ്ഥകൾ മന്ത്രിതല ചർച്ചകളിൽ കൂട്ടിച്ചേർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) 2004 ജനുവരിയിൽ നടന്ന മന്ത്രിതല ചർച്ചകളിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഇ) 2004 നവംബർ 6-ന് ചെന്നൈയിൽ നടന്ന മുഖ്യമന്ത്രിമാർ പങ്കെടുത്ത ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ, ധാരണകൾ എന്നിവ വിശദമാക്കുമോ ;

(എഫ്) സംസ്ഥാനത്തിനർഹതപ്പെട്ട വെള്ളം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) പി.എ.പി. കരാർ പുതുക്കാൻ കരാറിൽ വ്യവസ്ഥയില്ല. എന്നാൽ 1970-ൽ 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച കരാർ 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യുവാൻ വ്യവസ്ഥയുണ്ട്. പുനരവലോകനം സംബന്ധിച്ച നടപടികൾ 1988 മുതൽക്കേ സർക്കാർ ആരംഭിക്കുകയും അതിന്റെ ഭാഗമായി മുഖ്യമന്ത്രിതല ചർച്ചയും മന്ത്രിതല ചർച്ചകളും ഔദ്യോഗികതല ചർച്ചകളും നടത്തുകയും ചെയ്തിട്ടുണ്ട്. 10-6-2002-ൽ ചെന്നൈയിൽവച്ച് നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരു സംസ്ഥാനങ്ങളിലേയും മൂന്ന് ഉദ്യോഗസ്ഥർ വീതം അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി കരാറിന്റെ പുനരവലോകനം ചെയ്യപ്പെടേണ്ട ഭാഗങ്ങൾ സംബന്ധിച്ച് ഒരു സംയുക്ത റിപ്പോർട്ട് തയ്യാറാക്കി 30-6-2003-ൽ സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിനെ ആധാരമാക്കി പിന്നീട് നടന്ന ചർച്ചകളിലെല്ലാം തന്നെ യഥാർത്ഥ വാർഷിക ജല ലഭ്യത അടിസ്ഥാനമാക്കി കേരളത്തിന്റെ ജലവിഹിതം വർദ്ധിപ്പിക്കുന്നതിന് കേരളം ശക്തിയുക്തം വാദിക്കുകയുണ്ടായി. എന്നാൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ജലവിഭജനം സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) കരാർ പുനരവലോകനം സംബന്ധിച്ച് 2001 മേയ് മാസത്തിനുശേഷം ഇരു സർക്കാരുകളും തമ്മിൽ 10-6-2002, 13-2-2003, 10-11-2003, 4-1-2004, 27-11-2004 എന്നീ തീയതികളിൽ അഞ്ച് തവണ മന്ത്രിതല ചർച്ചകൾ നടത്തിയിട്ടുണ്ട്. 10-6-2002-ൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് അന്നത്തെ കേരള ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ് പങ്കെടുത്തു. 13-2-2003, 10-11-2003, 4-1-2004 തിയതികളിൽ നടന്ന ചർച്ചകളിൽ കേരളത്തെ പ്രതിനിധീകരിച്ച് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ടി. എം. ജേക്കബും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. ശങ്കരനാരായണനും പങ്കെടുത്തു. 6-11-2004-ൽ നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി എന്നിവർ പങ്കെടുത്തു. 27-11-2004-ൽ തിരുവനന്തപുരത്തുവച്ചുനടന്ന മന്ത്രിതല ചർച്ചയിൽ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനും പങ്കെടുക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) മന്ത്രിതല ചർച്ചയിൽ കരാറിലുള്ള വ്യവസ്ഥകൾക്ക് ഉപരിയായി പുതിയതായി യാതൊരു വ്യവസ്ഥയും കൂട്ടിച്ചേർത്തിട്ടില്ല.

(ഡി) 2004 ജനുവരിയിൽ നടന്ന മന്ത്രിതല ചർച്ചയിൽ വ്യക്തമായ തീരുമാനത്തിൽ എത്തിച്ചേരാൻ ഇരു സംസ്ഥാനങ്ങൾക്കും സാധിച്ചില്ല.

(ഇ) പി.എ.പി. കരാറനുസരിച്ച് കേരളത്തിന് വിട്ടുകിട്ടുവാനുള്ള കെട്ടിടങ്ങളിൽ 21 എണ്ണം കൂടി വിട്ടുതരാമെന്ന് തമിഴ്നാട് ഉറപ്പുനൽകി (ഈ ഉറപ്പ് തമിഴ്നാട് പാലിക്കുകയുണ്ടായി). മണക്കടവ് റിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയിൽ തമിഴ്നാട്ടിലെ ചില വ്യക്തികൾ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകൾ നീക്കം ചെയ്യുവാനുള്ള നടപടി എടുക്കും എന്ന് തമിഴ്നാട് മുഖ്യമന്ത്രി ഉറപ്പുനൽകി.

(എഫ്) ഷോളയാർ ബേസിനിലെ യഥാർത്ഥ യീൽഡ് 12.3 : 2.5 എന്ന അനുപാതത്തിൽ കേരളത്തിനും തമിഴ്നാടിനും വീതം വയ്ക്കുക, പറമ്പിക്കുളം ബേസിനിൽ ലഭ്യമായ യീൽഡ് കേരളവും തമിഴ്നാടും തമ്മിൽ 2.5 : 14 എന്ന അനുപാതത്തിൽ പങ്കുവയ്ക്കുക, മണക്കടവിൽ കേരളത്തിന് നൽകിക്കൊണ്ടിരുന്ന ജലത്തിന്റെ അളവ് 7.25 TMC ft.-ൽ നിന്നും 12 TMC ft. ആയി ഉയർത്തുക എന്നീ ആവശ്യങ്ങൾ കേരളം ഉന്നയിച്ചിട്ടുണ്ട്. കൂടാതെ പെരിയാർ വിഷയത്തിൽ കേരളം ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷവും ഡിസംബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ നീരാറിലെ ജലം കേരളത്തിലേക്ക് ഒഴുക്കുക, കരാർ വ്യവസ്ഥ പ്രകാരം കേരള ഷോളയാറിലെ ജലനിരപ്പ് നിശ്ചിത തീയതിക്കുള്ളിൽ നിശ്ചിത ലെവലുകളിൽ നിലനിർത്തുക എന്നീ ആവശ്യങ്ങളും കേരളം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കരാർ ലംഘിച്ചാൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും കേരളം മുന്നോട്ടുവച്ചിട്ടുണ്ട്.

അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് സൗജന്യമായി സേവനം ലഭ്യമാക്കാൻ നടപടി

11 [*158] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടത്തിൽപ്പെട്ട് അത്യാഹിത വിഭാഗത്തിലെത്തുന്ന നിർദ്ധനരായ രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് തുടങ്ങിയ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കാര്യം പരിഗണിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) പ്രതിമാസ വരുമാനം 1500 രൂപയിൽ കുറഞ്ഞ രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ഇപ്പോൾ നൽകിവരുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly